(ബി) എക്സ്ിബിഷനുകളിൽ പങ്കെടുക്കുന്ന കയർ മേഖലയിലെ ഉത്പാദകർക്ക് സൗജന്യ നിരക്കിലോ സബ്സിഡി നിരക്കിലോ സ്റ്റാളുകൾ നൽകുന്നു. ബയർ-സെല്ലർ മീറ്റുകൾ സർക്കാർ ചെലവിലാണ് സംഘടിപ്പിക്കുന്നത്. ' ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം' എന്ന പരസ്യവും സർക്കാർ ചെലവിലാണ് നൽകുന്നത്. ഇവയൊക്കെ തുടർന്നും നൽകുന്നതാണ്. കയർഫെഡിന്റെ തെരഞ്ഞെടുക്കപ്പെട്ട ഷോറൂമുകൾക്ക് പുനരുദ്ധാരണത്തിൽ സർക്കാർ പ്രോജക്ട് അധിഷ്ഠിത സഹായം നൽകും. മറ്റ് സ്ഥാപനങ്ങൾക്കും ഇതേ രീതിയിലുള്ള സഹായം നൽകുന്നതാണ്.

(സി) 2015-16 വർഷ കാലയളവിൽ ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കയർ വകുപ്പിൻകീഴിലെ പദ്ധതികൾ

99 (2594). ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പിൻകീഴിൽ 2011-12, 2012-13, 2013-14, 2014-15, വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തായിരുന്നു ?

ഉത്തരം

(എ) 2011-12 വർഷത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച 'കയർ തൊഴിലാളികൾക്കുള്ള നേരിട്ടുള്ള ധനസഹായധനം',പദ്ധതി 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'മാതൃക കയർ ഗ്രാമം' സ്ഥാപിക്കൽ എന്ന പദ്ധതിയും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കൽ, സിയാൽ മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സ്ിബിഷൻ സെന്റർ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതികവിദ്യകളും ഉത്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നോവേഷൻ ഫണ്ട്, നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കൽ എന്നീ പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു :

2011-12 കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായ ധനം :

2011-12 വർഷത്തിൽ കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായം പദ്ധതിക്കായി 2851-00-106-64 ശീർഷകത്തിൽ വകയിരുത്തിയ 50 ലക്ഷം രൂപ, ഏകദേശം 66,000 വരുന്ന കയർ തൊഴിലാളികളുടെ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ് മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി 2851-00-106-93 (പി) ശീർഷകത്തിലേയ്ക്ക് (കയർ തൊഴിലാളി ക്ഷേമപദ്ധതിക്കുള്ള സഹായം) റീ അപ്രോപ്രിയേറ്റ് ചെയ്ത് അതെ ആവശ്യത്തിനായി വിനിയോഗിച്ചു.

2012-13 മാതൃക കയർ ഗ്രാമം സ്ഥാപിക്കൽ :

2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'മാതൃക കയർ ഗ്രാമം' സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യുടെ കൈവശമുള്ള 6.64 ഹെക്ടർ ഭൂമി ഇതിന്റെ വില നൽകമെന്ന വ്യവസ്ഥയിൽ സർക്കാർ അനുമതി നൽകിയിരുന്നു. (സ.ഉ. (കൈ) 284/2013/റവന്യൂ തീയതി 27-6-2013) കെ.എസ്.ഐ.ഡി.സി.യിൽ നിന്നും ഭൂമിയുടെ വില, മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല.

2013-14 കയർ കയറ്റുമതി സംസ്കരണ പാർക്ക് :

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്കരണ പാർക്കിന് 2013-14 വർഷം യാതൊരു വകയിരുത്തിയിരുന്നില്ല. പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി 5 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ ഉപധനാഭ്യർത്ഥനപ്രകാരം യാതൊരു അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും യാതൊരു ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലായില്ല. 2014-15 വർഷം മേൽ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും യാതൊരു റിലീസ് ചെയ്യാത്തതിനാൽ പദ്ധതി നടപ്പിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ :

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് 2013-14-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതികവിദ്യകളും ഉത്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നോവേഷൻ ഫണ്ട്, നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. എന്നാൽ ഉപധനാഭ്യർത്ഥന പ്രകാരം തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചില്ല. 2014-15 വർഷം മേൽ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക റിലീസ് ചെയ്യാത്തതിനാൽ പദ്ധതി നടപ്പിലായില്ല.

കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണനം

100 (2595) ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറും കയറുൽപ്പന്നങ്ങളും വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്കാണ് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽനിന്നും എത്ര രൂപയുടെ വരുമാനമുണ്ടായി ; വർഷം തിരിച്ച് വിശദമാക്കുമോ ;